നോൺ ജുഡീഷ്യൽ

NON JUDICIAL

₹500

₹500

കേരള സർക്കാർ

GOVERNMENT OF KERALA

e-Stamp

e-Stamp Serial Number : 202526000000692743

Verification Code : 983651476V

| | |
|---|---|
| Govt. Reference No.(GRN) | : KL005147642202526E |
| Purpose | : Licence to Let - including agreement to let or sublet |
| Amount of Stamp Paper Purchased in Numeral | : ₹500 |
| Amount of Stamp Paper Purchased in Words | : Rupees Five Hundred |
| Stamp Paper Purchased on | : 02/05/2025 |
| First Party Name | : ABDUL RAHMAN |
| First Party Address | : AMBADATH HOUSE PALLIKKUNNU, MANNARKKAD |
| Second Party Name | : PARAMBAN RASAK |
| Second Party Address | : THOOTHA ALIPARAMBA |
| Vendor Code & Name | : 15031846 - BABY SUSEELA |
| Treasury Code & Name | : 1503 - Sub Treasury, Perinthalmanna |

Please write or type below this line

## വാടക കരാർ

2025 മെയ് മാസം 2 ാം തീയ്യതി, പാലക്കാട് ജില്ല, മണ്ണാർക്കാട് താലൂക്ക്, കുമരംപുത്തൂർ അംശം ദേശത്ത്, പള്ളിക്കുന്ന് പി.ഒ, വിആമ്പാടത്ത് 64 വയസ്സ്, **അബ്ദുൽ റഹ്മാൻ** എന്നവർ 1 -ാം പാർട്ടിയായും, സഫയർ ഹോളിഡെയ്സ് എന്ന സ്ഥാപനത്തിന് വേണ്ടി പ്രൊപ്രൈറ്റർ മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ ആലിപ്പറമ്പ് വില്ലേജിൽ തൂത ദേശത്ത്, പറമ്പൻ വീട്ടിൽ ബഷീർ മകൻ **റസാക്ക്** എന്നയാൾ 2 -ാം പാർട്ടിയായും, എഴുതി ഒപ്പിട്ടുവെച്ച വാടക കരാർ.

ഒന്നാം പാർട്ടി

A. അബ്ദുൾ റഹിമാൻ

രണ്ടാം പാർട്ടി

Rasak.P

This can be verified by https://www.estamp.treasury.kerala.gov.in/index.php/estamp_search using e-Stamp Serial Number and Verification Code.

In case of any discrepancy, please inform the competent authority.

P. BABY SUSEELA
STAMP VENDOR, PERINTHALMANNA

നമ്മളിൽ 1 -ാം പാർട്ടിയുടെ യഥാർത്ഥ ഉടമസ്ഥതയിലും അവകാശ കൈവശത്തിലുമുള്ളതും കുമരംപുത്തൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി 8 -ാം വാർഡിൽ 742, 743 നമ്പർ കെട്ടിടമുറിയിൽ AMBADATH SHOPPING CENTRE എന്ന കെട്ടിടത്തിലെ സഫയർ ഹോളിഡെയ്സ് ഓഫീസ് നടത്തുന്നതിനുവേണ്ടി പ്രതിമാസം 15,000/- (പതിനയ്യായിരം) രൂപ വാടക നിശ്ചയിച്ച് 02/05/2025 മുതൽ 11 (പതിനൊന്ന്) മാസകാലത്തേക്ക് 1 -ാം പാർട്ടി 2 -ാം പാർട്ടിയെ വാടകക്ക് ഏൽപ്പിക്കുകയും 2 -ാം പാർട്ടി വാടകക്ക് ഏറ്റു വാങ്ങുകയും ചെയ്തിരിക്കുന്നു. മേൽ കാണിച്ച വാടക അതാതു ഇംഗ്ലീഷ് മാസം 1 മുതൽ 5 ാം തീയ്യതിക്കുള്ളിൽ 2 -ാം പാർട്ടി 1 -ാം പാർട്ടിക്ക് കൊടുത്ത് ബോദ്ധ്യപ്പെടുത്തി കൊള്ളാമെന്നും നിശ്ചയിച്ചിരിക്കുന്നു. കരാറിന്റെ ഉറപ്പിലേക്കായി 15,000/- (പതിനയ്യായിരം) രൂപ 2 -ാം പാർട്ടി 1 -ാം പാർട്ടിക്ക് അഡ്വാൻസായി കൊടുത്തിരിക്കുന്നു .

കാലാവധിക്ക് ശേഷം യാതൊരു തർക്കമൊ അവകാശവാദമൊ പറയാതെയും പ്രവൃത്തിക്കാതെയും വാടക ബാക്കികൂടാതെയും പ്രസ്തുത പീടികമുറി 2 -ാം പാർട്ടി 1 -ാം പാർട്ടിക്ക് ഒഴിഞ്ഞുകൊടുത്തുകൊള്ളാമെന്നും തീരുമാനിച്ചിരിക്കുന്നു. പീടികമുറി ഒഴിയുന്നപക്ഷം അഡ്വാൻസ് സംഖ്യ പലിശ കൂടാതെ 2 -ാം പാർട്ടിക്ക് തിരികെ കൊടുക്കേണ്ടതുമാണ്.

കൂടാതെ ടി പീടികമുറിയിൽ 2 -ാം പാർട്ടി മേൽപ്പറഞ്ഞ സ്ഥാപനം നടത്തുകയല്ലാതെ മേൽ വാടകക്ക് കൊടുക്കുകയോ, കേടുപാടുവരുത്തുകയോ രൂപഭേദം വരുത്തുകയോ ചെയ്യുന്നതല്ലെന്നും ഇതിനു വിപരീതമായി പ്രവർത്തിച്ചാലും വാടക ബാക്കിവെച്ചാലും കാലവിചാരം കൂടാതെ 2 -ാം പാർട്ടിയെ ഒഴിപ്പിക്കാ വുന്നതുമാണ്.

ടി പീടികമുറിയിൽ സ്ഫോടകവസ്തുക്കൾ പോലെ നിയമവിരുദ്ധമായ യാതൊരു സാധനസാമഗ്രികളോ, ഗവൺമെന്റ് നിരോധിച്ച വസ്തുക്കളോ, ലഹരി പദാർത്ഥങ്ങളോ സൂക്ഷിക്കുവാൻ പാടില്ലാത്തതും, നിയമാനുസൃതമല്ലാത്ത പ്രവൃത്തികളിൽ ഏർപ്പെടാൻ പാടില്ലാത്തതും ആകുന്നു. അങ്ങനെ വല്ല

<u>ഒന്നാം പാർട്ടി</u> <u>രണ്ടാം പാർട്ടി</u>

A. അബ്ദുൽറഹിമാൻ Rasak. P

പ്രവർത്തികളും നടത്തുന്നതായി 1 -ാം പാർട്ടിയുടെ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുതപീടികമുറി ഒഴിപ്പിച്ചെടുക്കാൻ 1 -ാം പാർട്ടിക്ക് അധികാരവകാശമുണ്ടായിരിക്കും.

മേപ്പടി കെട്ടിടമുറി രണ്ടാം പാർട്ടി ഉപയോഗിക്കുന്ന കാലയളവിലുണ്ടാകുന്ന എല്ലാവിധ വെയ്സ്റ്റുകളും രണ്ടാം പാർട്ടി സ്വന്തം നിലക്ക് സംസ്കരിക്കേണ്ടതാണ്.

കറന്റ് ചാർജ്ജ് , അഡീഷണൽ ബിൽ മുതലായവ അതാതു സമയം 2 -ാം പാർട്ടി അടച്ച് 1 -ാം പാർട്ടിയെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. 2 -ാം പാർട്ടിക്ക് പീടികമുറി ആവശ്യമില്ലാതെ വരുന്ന പക്ഷമോ 1 -ാം പാർട്ടിക്ക് പീടികമുറി കാലാവധിക്കുമുമ്പായി ആവശ്യമായി വരുന്നപക്ഷമോ രണ്ടു മാസം മുൻകൂട്ടി പരസ്പരം വിവരം അറിയിക്കേണ്ടതുമാണ്. രണ്ടാം പാർട്ടി മേപ്പടി പീടികമുറി ഉപയോഗിക്കുന്ന കാലയളവിലുണ്ടാകുന്ന അറ്റകുറ്റപണി 2 -ാം പാർട്ടിയുടെ ചിലവിൽ നടത്തേണ്ടതാണ്. ഇരുകൂട്ടർക്കും സമ്മതമാണെങ്കിൽ കരാർ കാലാവധിക്കുശേഷവും പ്രസ്തുത പീടികമുറിയിൽ തുടരണമെന്നുണ്ടെങ്കിൽ കാലാനുസൃതമായ വാടക വർദ്ധനവോടുകൂടി ഈ എഗ്രിമെന്റ് പുതുക്കി നിശ്ചയിക്കാവുന്നതുമാണ്.

മേൽ നിശ്ചയങ്ങൾക്കു വിപരീതമായി എന്തെങ്കിലും പ്രവർത്തിച്ചാൽ വരാവുന്ന കഷ്ടനഷ്ടങ്ങൾക്ക് ഇടവരുത്തിയ 2 -ാം പാർട്ടിയും, അഡ്വാൻസ് സംഖ്യയും, സ്വത്തും മാത്രം ഉത്തരവാദിയാകുന്നതാണെന്നും ഇതിനാൽ നിശ്ചയിച്ചും, സമ്മതിച്ചും താഴെ പേരെഴുതിയ സാക്ഷികൾ കാണ നമ്മൾ ഇതിൽ ഒപ്പിട്ട് അസ്സൽ 1 -ാം പാർട്ടിയും ഫോട്ടോകോപ്പി 2 -ാം പാർട്ടിയും കൈവശം വെക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

എന്ന് 2025 മെയ് മാസം 2 ന്

**ഒന്നാം പാർട്ടി**

A. അബ്ദുൾറഹിമാൻ

**രണ്ടാം പാർട്ടി**

Rasak-P

**സാക്ഷികൾ**

1. [illegible]

2. Shaniba C.H
chelakkattuthodi (H)
Kottoppadam venga.